**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4971** **04-07-2024 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിൽ പുതിയ പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | എറണാകുളം - തേക്കടി റോഡിലെ അഞ്ചാം മൈൽ കനാൽ പാലം വീതി കൂട്ടി നിർമ്മിക്കാനുള്ള പ്രവൃത്തി, മഴുവന്നൂർ-കടയിരിപ്പ് റോഡിലെ വെട്ടിക്കൽ പാലം പുനർ നിർമ്മിക്കാനുള്ള പ്രവൃത്തി എന്നിവയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച പ്രൊപ്പോസലുകൾ ഓരോന്നും നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (ബി) | എറണാകുളം - തേക്കടി റോഡിലെ അഞ്ചാം മൈൽ കനാൽ പാലം വീതി കൂട്ടി നിർമ്മിക്കാനുള്ള പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി റിപ്പോർട്ട് ഡിസൈൻ തയ്യാറാക്കുന്നതിനായി ഡിസൈൻ വിഭാഗത്തിന് നൽകുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.<br><br>മഴുവന്നൂർ-കടയിരിപ്പ് റോഡിലെ വെട്ടിക്കൽ പാലം പുനർ നിർമ്മിക്കാനുള്ള പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ വിങ്ങിൽ നിന്ന് ടെൻറ്റേറ്റിവ് ജനറൽ ഡിസൈൻ ഡ്രോയിങ് തയ്യാറാക്കിയിട്ടുണ്ട്. അത് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ ഈ പാലത്തിന്റെ Vertical Clearance കുറച്ചു നൽകുന്നതിനായി ജലസേചന വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | മംഗലത്തുനട-പാങ്കോട് റോഡിൽ വെട്ടിക്കൽ ക്ഷേത്രത്തിന് സമീപമുള്ള പാലം (ഫയൽ നമ്പർ പി.ഡബ്ല്യൂ.എഫ്./ബി.ആർ./എഫ്.എൽ./7680/2022) ചെമ്പറക്കി-വിലങ്ങ് റോഡിലെ കനാൽ പാലം (ഫയൽ നമ്പർ പി.ഡബ്ല്യൂ.ഡി./ബി.ആർ./ എഫ്.എൽ./8775/2022) എന്നിവയുടെ പുനർ നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | <u>വെട്ടിക്കൽ പാലം</u> - മഴുവന്നൂർ-കടയിരിപ്പ് റോഡിലെ വെട്ടിക്കൽ പാലം പുനർ നിർമ്മിക്കാനുള്ള പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ വിങ്ങിൽ നിന്ന് ടെൻറ്റേറ്റിവ് ജനറൽ ഡിസൈൻ ഡ്രോയിങ് തയ്യാറാക്കിയിട്ടുണ്ട്. അത് പ്രകാരം എസ്റ്റിമേറ്റ് തയാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ ഈ പാലത്തിന്റെ Vertical Clearance കുറച്ചു |

| | | | | |
|---|---|---|---|---|
| | | | | നൽകുന്നതിന് ജലസേചന വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.<br><br><u>ചെമ്പറക്കി - വിലങ്ങ് റോഡിലെ കനാൽ പാലം</u><br><br>കുന്നത്ത്നാട് നിയോജക മണ്ഡലത്തിലെ ചെമ്പറക്കി - വിലങ്ങ് റോഡിലെ അപകടാവസ്ഥയിലായ കനാൽ പാലം പുതുക്കി പണിയുന്നതിനായി കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ബഹു.എം.എൽ.എ 09.04.2022 തീയതിയിൽ നൽകിയ കത്ത് പ്രകാരം സോയിൽ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി, 09.10.2023 തീയതിയിൽ 1.5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും തുടർന്ന് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തികരിക്കുകയും ചെയ്തിരുന്നു. 16.01.2024 തീയതിയിലെ കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ CMT മീറ്റിംഗിലെ തീരുമാനപ്രകാരം പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണം ഇറിഗേഷൻ വകുപ്പിനെ ഏൽപ്പിക്കുകയും ഇറിഗേഷൻ വകുപ്പ് ആലുവ PVIP 1/4 സെക്ഷന്റെ കീഴിൽ എം എൽ എ ഫണ്ടിൽ പ്രവൃത്തി ചെയ്യുന്നതിന് ടെണ്ടർ പൂർത്തിയാക്കിയിട്ടുമുണ്ട്. പ്രവൃത്തിയുടെ Contract Agreement വച്ചിട്ടുണ്ടെന്നും, സൈറ്റ് കരാറുകാരന് കൈമാറിയിട്ടുണ്ടെന്നും ആലുവ പി.വി.ഐപി ഡിവിഷൻ നം.2 എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 07.02.2024 തീയതിയിലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ